# കേരള സർവകലാശാല

നം.പി.ആർ.59/2019 ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## പരീക്ഷാഫലം

2018 മേയിൽ നടന്ന രണ്ട്, നാല്, ആറ്, ഏഴ് സെമസ്റ്റർ ബി.ഡെസ് ബിരുദ പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 19 വരെ അപേക്ഷിക്കാം.

2018 നവംബറിൽ നടത്തിയ എം.ഫിൽ ഹ്യൂമൻ റൈറ്റ്സ് (2017-2018) സി.എസ്.എസ് പരീക്ഷ യുടെ ഫലം പ്രസിദ്ധീകരിച്ചു.

2018 ആഗസ്റ്റ് – സെപ്റ്റംബറിൽ നടത്തിയ മൂന്ന്, നാല് സെമസ്റ്റർ എം.എഫ്.എ (പെയിന്റിംഗ് & സ്കൾപ്ച്ചർ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. മൂന്നാം സെമസ്റ്റർ എം.എഫ്.എ (പെ യിന്റിംഗ് & സ്കൾപ്ച്ചർ) സൂക്ഷ്മപരിശോധനയ്ക്കുള്ള അവസാന തീയതി ഏപ്രിൽ 2. വിശദവി വരങ്ങൾ വെബ്സൈറ്റിൽ.

2018 നവംബറിൽ നടത്തിയ ബി.കോം പാർട്ട് മൂന്ന് (ആന്വൽ) പരീക്ഷാഫലം വെബ്സൈ റ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായും ഓഫ്ലൈ നായും ഏപ്രിൽ 6 വരെ അപേക്ഷിക്കാം.

2018 നവംബറിൽ നടത്തിയ ബി.എ. (ആന്വൽ സ്കീം) അവസാന വർഷ സപ്ലിമെന്ററി പരീ ക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.
സൂക്ഷമ പരിശോധനക്കും പുനർ മൂല്യനിർണയത്തിനും ഓൺലൈൻ വിദ്യാർത്ഥികൾ de.keralauniversity.ac.in എന്ന വെബ്സൈറ്റിലും, ഓഫ് ലൈൻ വിദ്യാർത്ഥികൾ നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിലും നിശ്ചിത ഫീസടച്ച് ഏപ്രിൽ മാസം 10 -ാം തീയതി വരെ അപേക്ഷിക്കാ വുന്നതാണ്. കരട് മാർക്ക്ലിസ്റ്റ് വെബ്സൈറ്റിൽ. തോറ്റ വിദ്യാർത്ഥികൾ ഏപ്രിൽ സെഷനിലെ പരീക്ഷക്ക് പിഴകൂടാതെ മാർച്ച് 26 വരെയും 50 രൂപ പിഴയോടെ മാർച്ച് 28 വരെയും 125 രൂപ പിഴ യോടെ മാർച്ച് 30 വരെയും അപേക്ഷിക്കാവുന്നതാണ്.

## പരീക്ഷാ ഫീസ്

2019 മാർച്ച് 29 ആരംഭിക്കുന്ന മൂന്നാം വർഷ ബി.ബി.എ. (ആന്വൽ സ്കീം -പ്രൈവറ്റ് രജി സ്ട്രേഷൻ) ഡിഗ്രി പരീക്ഷക്ക് പിഴകൂടാതെ മാർച്ച് 30 വരെയും 50 രൂപ പിഴയോടെ ഏപ്രിൽ 3 വരെയും 125 രൂപ പിഴയോടുകൂടി ഏപ്രിൽ 5 വരെയും ഫീസടച്ച് രജിസ്റ്റർ ചെയ്യാം. ഓരോ പേപ്പ റിനും 125 രൂപ വീതവും, 100 രൂപ മാർക്ക് ലിസ്റ്റിനും, 200 രൂപ മൂല്യനിർണയ ക്യാമ്പ് ഫീയും അട ക്കണം. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ ഓരോ പരീക്ഷാ കേന്ദ്രം മാത്രമേ ഉണ്ടാ വുകയുള്ളു. വിശദ വിവരം വെബ്സൈറ്റിൽ.

ഏപ്രിൽ 11 ന് ആരംഭിക്കുന്ന ഫൈനൽ ഇയർ ബി.എസ്.സി പാർട്ട് മൂന്ന് മാത്തമാറ്റിക്സ് മെയിൻ ( ആന്വൽ സ്കീം) പരീക്ഷക്ക് ഫൈനില്ലാതെ മാർച്ച് 28 വരെയും, 50 രൂപ ഫൈനോടെ മാർച്ച് 30 വരെ യും 125 രൂപ സൂപ്പർ ഫൈനോടെ ഏപ്രിൽ 1 വരെയും അപേക്ഷിക്കാവുന്നതാണ്. 2014 അഡ്മിഷൻ മുതലുള്ള വിദ്യാർത്ഥികൾ ഓൺലൈനായും 2014 അഡ്മിഷനു മുൻപുള്ള വിദ്യാർത്ഥികൾ ഓഫ് ലൈനായും അപേക്ഷിക്കേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ മാർച്ച് 21 മുതൽ ആരംഭിക്കുന്നു.

## മാർക്ക് ലിസ്റ്റ്

2018 സെപ്റ്റംബർ മാസത്തിൽ നടത്തിയ വിദൂര വിദ്യാഭ്യാസം ഒന്നും രണ്ടും വർഷ ബി.എസ്.സി കംപ്യൂട്ടർ സയൻസ്/ ബി.സി.എ സപ്ലിമെന്ററി പരീക്ഷയുടെ മാർക്ക് ലിസ്റ്റുകൾ തിരുവനന്തപുരം കേന്ദ്രമായി പരീക്ഷ എഴുതിയ വിദ്യാർത്ഥികൾ ഗവ: ആർട്സ് കോളേജ്, കൊല്ലം കേന്ദ്രമായി പരീക്ഷ എഴുതിയവർ എസ്. എൻ കോളേജ് കൊല്ലം, ആലപ്പുഴ കേന്ദ്രമായി പരീക്ഷ എഴുതിയവർ എസ്.ഡി. കോളേജ് എന്നിവിടങ്ങളിൽ കൈപ്പറ്റേണ്ടതാണ്.

## സൂക്ഷ്മ പരിശോധന

2018 നവംബർ മാസം നടത്തിയ യൂണിറ്ററി എൽ.എൽ.ബി. ആറാം സെമസ്റ്റർ (2011 സ്കീം) പരീക്ഷയുടെ സൂക്ഷ്മ പരിശോധനക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി കാർഡും ഹാൾടിക്കറ്റുമായി മാർച്ച് 27 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ ഇ.ജെ VII സെക്ഷനിൽ ഹാജരാകേണ്ടതാണ്.

## വൈവ-വോസി

2019 ഫെബ്രുവരിയിൽ നടത്തിയ രണ്ടാം വർഷ എം.എ മലയാളം (പ്രൈവറ്റ് രജിസ്ട്രേഷൻ) ( 2016 അഡ്മിഷൻ) പരീക്ഷയുടെ വൈവ -വോസി മാർച്ച് 26-27 തീയതികളിൽ പാളയം വിദൂര വിദ്യാഭ്യസ കേന്ദ്രത്തിൽ വച്ച് നടത്തുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

2019 ജനുവരി - ഫെബ്രുവരി മാസങ്ങളിൽ നടത്തിയ രണ്ടാം വർഷ എം.എ പബ്ലിക് അഡ്മിനിസ്ട്രേഷൻ ( പ്രൈവറ്റ് രജിസ്ട്രേഷൻ - 2016 അഡ്മിഷൻ) പരീക്ഷയുടെ വൈവ-വോസി ഏപ്രിൽ 3 -ാം തീയതി പാളയം വിദൂര വിദ്യാഭ്യസ കേന്ദ്രത്തിൽ വച്ച് രാവിലെ 11 മണി മുതൽ നടത്തുന്നതാണ്. ഫോൺ: 0471 2386442

തിരുവനന്തപുരം
20-03-2019

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098